# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 511 — 04/7/2013-ൽ മറുപടിക്ക്

# കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. എസ്.ശർമ്മ<br>ശ്രീമതി. കെ.കെ.ലതിക<br>ശ്രീ. കെ.വി.വിജയദാസ് | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേരള കർഷകത്തൊഴിലാളി ക്ഷേമ നിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) അംഗങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്; അവയെല്ലാം കൂടി ഓരോ വർഷവും എന്തു തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) അധിവർഷാനുകൂല്യം, മരണാനന്തര സഹായം, ചികിത്സാധനസഹായം, പ്രസവ ധനസഹായം, വിവാഹധനസഹായം, വിദ്യാഭ്യാസ ആനുകൂല്യം എന്നീ ക്ഷേമാനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് നൽകി വരുന്നത്.<br><br>ഉണ്ട്.<br><br>പ്രതിവർഷം വിവിധ ക്ഷേമാനുകൂല്യങ്ങൾ നൽകുന്നതിനായി ഏകദേശം 40.00 കോടി രൂപ ആവശ്യമാണ്. |
| (സി) അംശദായമായി സർക്കാർ നൽകേണ്ടുന്ന തുകയും അതിനായി നീക്കി വെച്ചിരിക്കുന്ന തുകയും വ്യക്തമാക്കുമോ; ഈ തുക പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (സി) & (ഡി) ബോർഡിന് തൊഴിലാളികളിൽ നിന്നുള്ള അംശദായ തുകയ്ക്ക് തുല്യമായ തുക ഓരോ സാമ്പത്തിക വർഷവും സർക്കാർ ഗ്രാന്റായി അനുവദിക്കുന്നതിന് 05/1/2010-ലെ 21766/ലെഗ്.സി2/09/നിയമം വിജ്ഞാപനപ്രകാരം ഉത്തരവായിട്ടുണ്ട്. 2010-11, |

| | |
|---|---|
| (ഡി) സർക്കാർ വിഹിതമായി നൽകേണ്ട തിന്റെ ഒരു ശതമാനത്തിൽ താഴെ മാത്രം തുക നീക്കിവയ്ക്കാനിടയായ സാഹചര്യം വിശദമാക്കുമോ? | 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ സർക്കാർ വിഹിതമായി ആകെ 1.77 കോടി രൂപ നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ ഇതിനായി 76.17 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. അംശദായ കുടിശ്ശിക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/